# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3267

19-06-2018 ൽ മറുപടിയ്ക്ക്

## മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. വിജയൻ പിള്ള : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) നീണ്ടകരയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള കോഴ്സുകൾ കൊടുങ്ങല്ലൂരിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന കോഴ്സുകൾക്കായി ഇനി വരുന്ന ബാച്ചുകളിലേക്ക് നാളിതുവരെ കൊല്ലം, ആലപ്പുഴ,തിരുവനന്തപുരം ജില്ലകളിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ ? | (എ) യും (ബി) യും ഇല്ല. എന്നാൽ നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി വന്നിരുന്ന 4 ദിവസം ദൈർഘ്യമുള്ള ബോട്ട് ക്രൂ ട്രെയിനിംഗ് പ്രോഗ്രാം (ലാസ്കർ കോഴ്സ്) തൽക്കാലം നിർത്തലാക്കിയിട്ടുണ്ട്. പകരം ജൂലായ് മാസം മുതൽ ലാസ്കർ കോഴ്സ് കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരമുള്ള ദീർഘകാല കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതുവരെ 375 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ